# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7256 | 16.07.2012 ൽ - മറുപടിക്ക്

### പൊതുവിതരണ സമ്പ്രദായത്തിന്റെ ആധുനികവൽക്കരണം

| | ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി പൊതുവിതരണ സമ്പ്രദായം ആധുനികവൽക്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ; | (എ) | ബോധ്യപ്പെട്ടിട്ടുണ്ട്. റേഷൻ വിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുളള ഗൈഡ്‌ലൈൻസ് പ്രകാരം എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി 2012-13 വർഷത്തെ ബഡ്ജറ്റിൽ എന്ത് തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; പ്രസ്തുത തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; അല്ലെങ്കിൽ തുക വർദ്ധിപ്പിക്കുമോ ; | (ബി) | 2012-13 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല; എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ 253.60 കോടി രൂപ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ഉപഭോക്താക്കളുടെ താൽപ്പര്യങ്ങളും, അവകാശങ്ങളും സംരക്ഷിക്കുന്നതിനായി 2012-13 വർഷത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ? | (സി) | സംസ്ഥാനത്ത് ഉപഭോക്തൃ സംരക്ഷണത്തിനായി 10 കോടി രൂപയുടെ കോർപ്പസ് ഫണ്ട് നിക്ഷേപിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ താൽപ്പര്യങ്ങളും, അവകാശങ്ങളും സംരക്ഷിക്കുന്നതിനായി ജില്ലകൾതോറും വ്യാപകമായ രീതിയിൽ ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഉപഭോക്തൃ എക്സിബിഷനുകൾ സംഘടിപ്പിക്കുവാനും, ഉപഭോക്താക്കളുടെ അവകാശങ്ങൾ സംബന്ധിച്ച് ലഘുലേഖകൾ പ്രസിദ്ധീകരിക്കുവാനും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുവാനും, ഉപഭോക്തൃ ബോധവൽക്കരണം ഉദ്ദേശിച്ചുളള ഡോക്യുമെന്ററി നിർമ്മിക്കുവാനും, ഉപഭോക്തൃ സംഘടനകൾക്ക് കൂടുതൽ ധനസഹായം നൽകുവാനുമുളള പദ്ധതികളാണ് സർക്കാർ പരിഗണനയിലുള്ളത്. |

+സെക്ഷൻ ഓഫീസർ